ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25-03-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. 2026 ലെ ധനകാര്യ ബില്ലിനെക്കുറിച്ചുള്ള ചർച്ചയ്ക്ക് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് ലോക്സഭയിൽ മറുപടി നൽകും.

   **Union Finance Minister Nirmala Sitharaman to reply to the discussion on The Finance Bill, 2026 in the Lok Sabha today.**

2. പശ്ചിമേഷ്യൻ സാഹചര്യങ്ങളെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപുമായും ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെയുമായും ടെലിഫോൺ സംഭാഷണം നടത്തി.

   **Prime Minister Narendra Modi holds telephone talks with US President Donald Trump and Sri Lankan President Anura Kumara Dissanayake on the West Asian situation.**

3. പശ്ചിമേഷ്യൻ മേഖലയിലേക്കും തിരിച്ചും എയർ ഇന്ത്യയും, എയർ ഇന്ത്യ എക്സ്പ്രസും ഇന്ന് 26 വിമാനങ്ങൾ സർവീസ് നടത്തും.

   **Air India and Air India Express to operate 26 flights to and from the West Asian region today.**

4. കേരളം തിരഞ്ഞെടുപ്പ് ചൂടിൽ. പ്രചാരണത്തിന് മുതിർന്ന നേതാക്കളും.

   **Kerala heats up for elections; senior leaders intensify campaigning.**

5. നിയമസഭ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്നലെ നടന്നു. 354 പത്രികകൾ തള്ളി.
   Scrutiny of nomination papers for Assembly elections held yesterday; 354 papers rejected.

6. ആദ്യ 'ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസിന്' ഇന്ന് ഛത്തീസ്ഗഡിൽ തുടക്കമാകും.
   First 'Khelo India Tribal Games' to begin today in Chhattisgarh.

*************************************

## PARLIAMENT TODAY

2026 ലെ ധനകാര്യ ബില്ലിനെക്കുറിച്ചുള്ള ചർച്ചയ്ക്ക് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് ലോക്സഭയിൽ മറുപടി നൽകും. 2026-2027 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരുത്തുക എന്നതാണ് ബിൽ ലക്ഷ്യമിടുന്നത്. 2025 ലെ ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്സി കോഡ് (ഭേദഗതി) ബിൽ ലോക്സഭ പരിഗണിക്കും. 2026 ലെ സെൻട്രൽ ആംഡ് പോലീസ് ഫോഴ്സ് (ജനറൽ അഡ്മിനിസ്ട്രേഷൻ) ബിൽ ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് രാജ്യസഭയിൽ, അവതരിപ്പിക്കും. ട്രാൻസ്ജെൻഡർ (അവകാശ സംരക്ഷണം) നിയമം, 2019 ഉം ഇന്ന് സഭയുടെ പരിഗണനയ്ക്ക് വരും. ബിൽ ഇന്നലെ ലോക്സഭ പാസാക്കിയിരുന്നു.

*************************************

## PRIME MINISTER – WEST ASIA (INTRO)

സംഭാഷണത്തിലൂടെയും നയതന്ത്ര ബന്ധങ്ങളിലൂടെയും പശ്ചിമേഷ്യൻ മേഖലയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിന് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. പശ്ചിമേഷ്യൻ സംഘർഷം സംബന്ധിച്ച് രാജ്യസഭയിൽ പ്രസ്താവന നടത്തുകയായിരുന്നു അദ്ദേഹം. മൂന്ന് ആഴ്ചയിലേറെയായി പശ്ചിമേഷ്യയിലെ സംഘർഷം ലോകമെമ്പാടും ഗുരുതരമായ ഊർജ്ജ പ്രതിസന്ധി

സൃഷ്ടിച്ചിട്ടുണ്ട്. പെട്രോൾ, ഡീസൽ, എണ്ണ, പ്രകൃതി വാതകം, വളങ്ങൾ എന്നിവയുടെ സുഗമമായ വിതരണം സർക്കാർ ഉറപ്പാക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്.........)

*******************************************

## GOVT-PNG ORDER

പ്രകൃതിവാതക, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിതരണം അവശ്യവസ്തു നിയമത്തിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. രാജ്യത്തുടനീളം ഗ്യാസ് വിതരണ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സുഗമമാക്കുന്നതും ലക്ഷ്യമിട്ടാണ് ഉത്തരവ്.

*******************************************

## WEST ASIA- DAILY BRIEF (INTRO)

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇന്ധനക്ഷാമം ഉണ്ടാകില്ലെന്നും മതിയായ ഇന്ധന ശേഖരം ഉറപ്പാക്കിയിട്ടുണ്ടെന്നും പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ. രാജ്യത്തെ റിഫയിനറികൾ പൂർണ ശേഷിയിൽ പ്രവർത്തിക്കുന്നതായും ന്യൂഡൽഹിയിൽ അന്തർ-മന്ത്രാലയ തല വാർത്താ സമ്മേളനത്തെ അഭിസംബോധന ചെയ്യവേ അവർ വ്യക്തമാക്കി. എൽ.പി.ജി വഹിച്ചുകൊണ്ടുള്ള രണ്ട് ഇന്ത്യൻ കപ്പലുകൾ ഹോർമുസ് കടലിടുക്ക് സുരക്ഷിതമായി കടന്നതായി തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രാലയ സെക്രട്ടറി രാജേഷ് കുമാർ സിൻഹ പറഞ്ഞു.

(ഹോൾഡ് വോയ്സ്..........)

ഫെബ്രുവരി 28 മുതൽ ഏകദേശം 4,200 യാത്രക്കാർ ഗൾഫ് മേഖലയിൽ നിന്ന് ഇന്ത്യയിലേക്ക് മടങ്ങിയതായി വിദേശകാര്യ മന്ത്രാലയത്തിന്റെ അഡീഷണൽ സെക്രട്ടറി അസീം ആർ മഹാജൻ

പറഞ്ഞു. പശ്ചിമേഷ്യ , ആഗോള സാമ്പത്തിക പ്രതിസന്ധി, ഊർജ സുരക്ഷ എന്നിവ സംബന്ധിച്ച് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ യു.എസ് സ്റ്റേറ്റ് സെക്രട്ടറിയുമായി ചർച്ച നടത്തിയതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

*********************************************

## PRIME MINISTER – TRUMP

പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി ടെലിഫോണിൽ സംഭാഷണം നടത്തി. പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യങ്ങളെക്കുറിച്ച് ചർച്ച നടത്തിയതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ പറഞ്ഞു. സംഘർഷം ലഘൂകരിക്കുന്നതിനും സമാധാനം പുനഃസ്ഥാപിക്കുന്നതിനും ഇന്ത്യ പിന്തുണ നൽകുന്നുണ്ടെന്ന് പറഞ്ഞ പ്രധാനമന്ത്രി തുറന്നതും സുരക്ഷിതവുമായ ഹോർമുസ് കടലിടുക്ക് ലോകത്തിൻറെ ആകെ ആവശ്യമാണെന്നും പറഞ്ഞു.

*********************************************

## PM – SRI LANKA PREZ

ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെയുമായും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ ടെലഫോണിൽ സംസാരിച്ചു. പശ്ചിമേഷ്യയിലെ സ്ഥിതിഗതിയെക്കുറിച്ചും, ആഗോള ഊർജ്ജ സുരക്ഷയെ ബാധിക്കുന്ന സാഹചര്യത്തെപ്പറ്റിയും ചർച്ചചെയ്തതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ പറഞ്ഞു. ഇന്ത്യയും-ശ്രീലങ്കയും തമ്മിൽ ഊർജ്ജ സഹകരണം ശക്തിപ്പെടുത്തുന്നതിനും പ്രാദേശിക സുരക്ഷ വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള സംരംഭങ്ങളിലെ പുരോഗതി ഇരുനേതാക്കളും അവലോകനം ചെയ്തു.

*********************************************

## WEST ASIA

പശ്ചിമേഷ്യയിൽ സംഘർഷം 25 ദിവസം പിന്നിട്ടു. മേഖലയിൽ ഇസ്രയേലും ഇറാനും വ്യോമാക്രമണം തുടരുകയാണ്. വെടനിർത്തലിന് ഇറാൻ സന്നദ്ധത അറിയിച്ചതായി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് ആവർത്തിച്ചു. അതേസമയം അമേരിക്കയുമായി ഒരു ചർച്ചയും നടത്തിയിട്ടില്ലെന്ന് ഇറാൻ വ്യക്തമാക്കി. മധ്യ ടെൽ അവീവിലെ ജനവാസ മേഖലയിൽ ഇറാനിയൻ മിസൈൽ പതിച്ചത് ആളപായമുണ്ടാക്കിയതാണ് റിപ്പോർട്ടുണ്ട്. വിവിധ ഗൾഫ് രാജ്യങ്ങളിലേക്കും ഇറാൻ ഡ്രോൺ ആക്രമണം തുടരുകയാണ്. ഇറാനിലുടനീളം അമ്പതോളം കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് ഇസ്രയേൽ സൈന്യവും വ്യോമാക്രമണം നടത്തി.

************************************

## WEST ASIA-FLIGHT

എയർ ഇന്ത്യയും, എയർ ഇന്ത്യ എക്സ്പ്രസും ഇന്ന് പശ്ചിമേഷ്യ മേഖലയിലേക്കും തിരിച്ചും 26 വിമാനങ്ങൾ സർവീസ് നടത്തും. ജിദ്ദയിലേക്കും തിരിച്ചും ഷെഡ്യൂൾ ചെയ്ത സർവീസുകൾ ഇരു കമ്പനികളും തുടരും. ഇന്ത്യയ്ക്കും ജിദ്ദയ്ക്കുമിടയിൽ 8 വിമാനങ്ങൾ സർവീസ് നടത്തുമെന്നും എയർ ഇന്ത്യ അറിയിച്ചു.

************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

************************************

## SCRUTINY

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്നലെ നടന്നു. സംസ്ഥാനത്താകെ 354 പത്രികകളാണ് നിരസിച്ചിട്ടുള്ളത്. 1,748 എണ്ണം സ്വീകരിച്ചു. മൂന്ന് പത്രികകൾ പിൻവലിച്ചു. വ്യാഴാഴ്ചവരെ പത്രിക പിൻവലിക്കാം. സൂക്ഷ്മപരിശോധന പൂർത്തിയായപ്പോൾ തിരുവനന്തപുരം ജില്ലയിൽ 115 സ്ഥാനാർത്ഥികൾ മത്സര രംഗത്ത്. 183 പത്രികകളാണ് സ്വീകരിച്ചിട്ടുള്ളത്. കൊല്ലം ജില്ലയിൽ 69 സ്ഥാനാർത്ഥികളുടെ പത്രികകൾ സ്വീകരിച്ചു. 19 എണ്ണം നിരസിച്ചു. കോഴിക്കോട് ജില്ലയിൽ 112 പേരുടെ പത്രികയാണ് സ്വീകരിച്ചത്. മലപ്പുറം ജില്ലയിൽ 113 സ്ഥാനാർഥികളാണ് മത്സര രംഗത്ത്. 30 നാമനിർദേശ പത്രികകൾ തള്ളി. കണ്ണൂർ ജില്ലയിൽ 88 സ്ഥാനാർത്ഥികളാണ് മത്സരരംഗത്ത്. സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം 29 സ്ഥാനാർഥികൾ പുറത്തായി. ഇവരുടെ 33 പത്രികകൾ ആണ് തള്ളിയത് . കേരളത്തിനൊപ്പം തിരഞ്ഞെടുപ്പ് നടക്കുന്ന അസമിലും പുതുച്ചേരിയിലും ഇന്നലെയായിരുന്നു സൂക്ഷ്മ പരിശോധന.

***************************************

## ASSEMBLY ELECTION (INTRO)

കേരളം നിയമസഭ തിരഞ്ഞെടുപ്പ് ചൂടിൽ. എല്ലാ മണ്ഡലങ്ങളിലേയും മത്സരചിത്രം ഏറെകുറെ തെളിഞ്ഞതോടെ പരസ്യ പ്രചാരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഒരുങ്ങുകയാണ് മുന്നണികൾ. പ്രചാരണത്തിനായി കേന്ദ്ര നേതാക്കളെ അടക്കം എത്തിക്കാൻ തയ്യാറെടുക്കുകയാണ് മുന്നണികൾ.

**വിശദാംശങ്ങളിലേക്ക്......**

(വോയ്സ് )

## ASSEMBLY ELECTION (VOICE)

എൻ.ഡി.എ യുടെ പ്രചാരണത്തിനായി പ്രധാനമന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ നരേന്ദ്ര മോദി, ധനമന്ത്രിയും പാർട്ടി നേതാവുമായ നിർമല സീതാരാമൻ പാർട്ടി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ തുടങ്ങിയവർ വരും ദിവസങ്ങളിൽ കേരളത്തിൽ എത്തും. ലോക്സഭാ പ്രതിപക്ഷ നേതാവും മുതിർന്ന കോൺഗ്രസ് നേതാവുമായ രാഹുൽഗാന്ധി യു.ഡി.എഫിനായി ഇന്ന് കോഴിക്കോട്ട് പ്രചാരണം നടത്തും. എൽ.ഡി.എഫ് പ്രചാരണം മുഖ്യമന്ത്രിയും മുതിർന്ന സിപിഎം നേതാവുമായ പിണറായി വിജയന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ പുരോഗമിക്കുകയാണ്. സിപിഐ എം നേതാക്കളായ എം എ ബേബി, പ്രകാശ് കാരാട്ട്, ബൃന്ദാ കാരാട്ട് തുടങ്ങിയവരും പ്രചാരണത്തിൽ സജീവമാകും. 140 മണ്ഡലങ്ങളിലേക്കും അടുത്തമാസം 9 നാണ് വോട്ടെടുപ്പ്. മെയ് നാലിനാണ് വോട്ടെണ്ണൽ. ന്യൂസ് ഡസ്ക്, ആകാശവാണി.

************************************

## RATAN U KELKAR

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്കുള്ള എല്ലാ സജ്ജീകരണങ്ങളും തയ്യാറായതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഇതുവരെ സംസ്ഥാനത്തൊട്ടാകെ 2,125 പത്രികകളാണ് ലഭിച്ചത്. 1,254 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. രണ്ട് കോടി 71 ലക്ഷത്തി 42,952 വോട്ടർമാരാണ് കേരളത്തിലുള്ളതെന്നും ശ്രീ രത്തൻ യു കേൽക്കർ തിരുവനന്തപുരത്ത് പറഞ്ഞു.

************************************

## KHELO INDIA

ആദ്യ 'ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസ്" ഇന്ന് ഛത്തീസ്ഗഡിൽ ആരംഭിക്കും. കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ഗെയിംസ് ഉദ്ഘാടനം

ചെയ്യും. ഏപ്രിൽ മൂന്ന് വരെ നീളുന്ന ഗെയിംസിൽ അത്‌ലറ്റിക്സും നീന്തലും ഉൾപ്പെടെ ഏഴ് കായിക ഇനങ്ങളിലാണ് മത്സരം. വിവിധ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള മൂവായിരത്തിലധികം ഗോത്രവർഗ അത്‌ലറ്റുകൾ ഗെയിംസിൽ പങ്കെടുക്കും.

***********************************

## RAILWAYS- FACT CHECK

ടിക്കറ്റ് റീഫണ്ട് നിയമങ്ങളിലെ മാറ്റങ്ങളെക്കുറിച്ച് ഒരു ദേശീയ ദിനപത്രത്തിൽ വന്ന ആരോപണങ്ങൾ നിരസിച്ച് ഇന്ത്യൻ റെയിൽവെ. പുതുക്കിയ വ്യവസ്ഥകൾ യാത്രക്കാർക്ക് അധിക ഭാരം ചുമത്തുമെന്ന ആരോപണം തെറ്റാണെന്നും റെയിൽവേ അറിയിച്ചു. റിസർവേഷൻ ചാർട്ടുകൾ തയ്യാറാക്കുന്നതിനുള്ള സമയം പുറപ്പെടുന്നതിന് 4 മണിക്കൂറിൽ നിന്ന് 9 മുതൽ 18 മണിക്കൂർ വരെയാക്കി നീട്ടിയിട്ടുണ്ട്. പുതുക്കിയ ചാർട്ട് തയ്യാറാക്കൽ സമയക്രമത്തിനൊപ്പം, റീഫണ്ട് നിയമങ്ങളിലും മാറ്റം വരുത്തിയിട്ടുണ്ടെന്നും യാത്രക്കാരിൽ നിന്ന് അധിക ചാർജുകൾ ഈടാക്കുന്നില്ലെന്നും റെയിൽവേ അറിയിച്ചു.

**********************************************************************************************************